# കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ്, എറണാകുളം.

നമ്പർ ജി4/13226/18

**സർക്കുലർ നമ്പർ 23/2018-19 തീയതി-13/08/2018**

വിഷയം:- കേരള ചുമട്ടു തൊഴിലാളി ക്ഷേമബോർഡ്- സ്കാറ്റേർഡ് വിഭാഗം തൊഴിലാളികളുടെ പെൻഷൻ, റിട്ടയർമെന്റ് ആനുകൂല്യങ്ങൾക്ക് പ്രായം തെളിയിക്കുന്നതിനുള്ള രേഖ ഹാജരാക്കുന്നത് സംബന്ധിച്ച്.

സൂചന- 1) ധനകാര്യ (എസ്.എഫ്.സി.-ബി) വകുപ്പിന്റെ 26.07.2018 തീയതിയിലെ 69/2018-ധന നമ്പർ ഉത്തരവ്.

കേരള ചുമട്ടു തൊഴിലാളി സ്കാറ്റേർഡ് വിഭാഗം തൊഴിലാളികൾ പെൻഷൻ,റിട്ടയർമെന്റ് ആനുകൂല്യ അപേക്ഷ സമർപ്പിക്കുമ്പോൾ, ജനന തീയതി തെളിയിക്കുന്ന ആധികാരിക രേഖ ഇല്ലാത്ത സന്ദർഭങ്ങളിൽ ഡോക്ടർ സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന രീതിയാണ് നിലവിലുള്ളത്. എന്നാൽ പെൻഷനും മറ്റ് ആനുകൂല്യങ്ങളും കൈപ്പറ്റുന്നതിനായി യഥാർത്ഥ വയസ്സ് മറച്ചുവച്ച് ഡോക്ടർ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരത്തിൽ അനർഹർ ആനുകൂല്യം കൈപ്പറ്റുന്ന സാഹചര്യം ഒഴിവാക്കുന്നതിലേയ്ക്കായി സൂചന (1)ന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു,.

1. പുതിയതായി സൂപ്പർ ആനുവേഷൻ പെൻഷന് അപേക്ഷിക്കുന്ന ഒരു വ്യക്തി തന്റെ വയസ്സ് തെളിയിക്കുന്നതിന് മറ്റു രേഖകൾ ഇല്ലായെന്ന് കാണിച്ച് ഡോക്ടറുടെ സർട്ടിഫിക്കറ്റ് നൽകുന്ന രീതി നിർത്തലാക്കുന്നു. ഇത്തരത്തിൽ പ്രായം തെളിയിക്കുന്നതിന് സമർപ്പിക്കുന്ന ഡോക്ടർ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പെൻഷൻ അനുവദിക്കുന്നതല്ല.
2. സ്കൂൾ സർട്ടിഫിക്കറ്റ് അടക്കമുള്ള മറ്റ് ആധികാരിക രേഖകളുടെ (ലൈസൻസ്, പാസ്സ്പോർട്ട്, പാൻകാർഡ് തുടങ്ങിയവ) അഭാവത്തിൽ വയസ്സ് തെളിയിക്കുന്നതിന് ആധാർ ഉപയോഗിക്കാവുന്നതാണ്.
3. പട്ടിക വർഗ്ഗത്തിൽ പെടുന്ന പെൻഷൻ അപേക്ഷകർ, കിടപ്പുരോഗികൾ, 80 വയസ്സ് കഴിഞ്ഞവർ എന്നിവർക്ക് ആധാർ അടക്കമുള്ള മറ്റ് രേഖകൾ ഇല്ലായെന്ന് കമ്മിറ്റി ചെയർമാന്

പൂർണ്ണമായും ബോദ്ധ്യപ്പെടുന്ന പക്ഷം ഡോക്ടർ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പ്രായം നിർണ്ണയിച്ച് പെൻഷൻ അനുവദിക്കുന്ന രീതി തുടരാവുന്നതാണ്.

4. മരണപ്പെട്ട വ്യക്തികളെ സേവന സോഫ്റ്റ് വെയറിൽ നിന്ന് ഉടനടി സസ്പെന്റ് ചെയ്യുന്നതിനുള്ള നടപടി അതാത് കമ്മിറ്റി ചെയർമാൻമാർ സത്വരമായി തന്നെ സ്വീകരിക്കേണ്ടതാണ്.

മേൽ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് ജില്ലാ കമ്മിറ്റി ചെയർമാൻമാർ അതീവ ശ്രദ്ധ ചെലുത്തേണ്ടതും, സർക്കുലർ കൈപ്പറ്റി രസീത് മടക്കതപാലിൽ അയച്ചുതരേണ്ടതുമാണ്.

(ഒപ്പ്)

ചീഫ് എക്സിക്യൂട്ടീവ്(ഇൻ ചാർജ്)

സ്വീകർത്താവ്:

വിവിധ കമ്മിറ്റി ചെയർമാൻമാർ

പകർപ്പ്:

ഫിനാൻസ് ഓഫീസർ,സെക്രട്ടറി,എ.ഒ,ബോർഡ് ഓഫീസ്,

ഫിനാൻസ് സെക്ഷൻ ,സ്റ്റോക്ക് ഫയൽ,

ബോർഡ് വെബ്സൈറ്റിലേയ്ക്ക്

**//ഉത്തരവിൻ പ്രകാരം//**

**ജൂനിയർ സൂപ്രണ്ട്**